(സി) രാജീവ്ഗാന്ധി കുടിവെള്ള പദ്ധതിയിലുൾപ്പെടുത്തി ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന തുക, വരൾച്ചാദുരിതാശ്വാസ പദ്ധതിക്കായി സർക്കാർ അനുവദിക്കുന്ന പ്രത്യേക തുക, എം.എൽ.എ. എസ്.ഡി.എഫ്, എം.പി.എൽ.എ.ഡി., എ.ആർ. ഡബ്ല്യു.എസ്.എസ്. എന്നിവയിലുൾപ്പെടുത്തി ജില്ലാ കളക്ടർ അനുവദിക്കുന്ന തുക, ത്രിതലപഞ്ചായത്തുകൾ/സർക്കാർ വകുപ്പുകൾ ഡിപ്പോസിറ്റ് ചെയ്യുന്ന തുക എന്നിവ ഉപയോഗിച്ചാണ് ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നത്.

(ഡി) ആരംഭിച്ചിട്ടുണ്ട്. ഭൂജല വകുപ്പുമുഖേന 2002 മുതൽ ഇത്തരത്തിലുള്ള കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.

ഭൂജലം വകുപ്പ് കായംകുളം മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികൾ

190 (2745) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂജലവകുപ്പ് 2010-11, 2011-12, 2012-13, 2013-14 വർഷങ്ങളിൽ കായംകുളം മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികൾ വിശദമാക്കാമോ ;

(ബി) കായംകുളം മണ്ഡലത്തിൽ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ ഏതൊക്കെയെന്നും പുതുതായി നടത്തുവാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ഏതൊക്കെയെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) ഭൂജലവകുപ്പ് മുഖേന 2010-11, 2011-12, 2012-13 വർഷങ്ങളിൽ കായംകുളം മണ്ഡലത്തിൽ പ്രവൃത്തികൾ ഒന്നും തന്നെ നടപ്പിലാക്കിയിട്ടില്ല. എന്നാൽ 2013-14-ൽ കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിലെ പുതിയവിള കോളനിയിൽ വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ചെറുകിട ജലവിതരണ പദ്ധതിയും അതേ ഗ്രാമ പഞ്ചായത്തിലെ പുലിത്തിട്ടകോളനിയിൽ ചെറുകിട ജലവിതരണ പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ദേശീയ ഗ്രാമീണ ജലവിതരണ പദ്ധതി പ്രകാരം കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത് പോച്ച കോളനിയിലും പത്തിയൂർ ഗ്രാമപഞ്ചായത്ത് കരുമഠത്തിലെ ഐ.എച്ച്.ഡി.പി. കോളനിയിലും ചെറുകിട ജലവിതരണ പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly